## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2069 — 07.03.2017 — ൽ മറുപടിക്ക്

### ഭക്ഷ്യഭദ്രതാനിയമം - മുൻഗണനാലിസ്റ്റിൽ അനർഹർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. യു.ആർ പ്രദീപ് : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യഭദ്രതാനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടുള്ള മുൻഗണനാ ലിസ്റ്റിൽ അനർഹർ കയറിക്കൂടിയിട്ടുണ്ട് എന്ന മാധ്യമവാർത്തകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) തെറ്റായി വിവരങ്ങൾ നൽകി മുൻഗണനാ ലിസ്റ്റിൽ കയറിക്കൂടിയവരെ ഒഴിവാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) | തെററായ വിവരങ്ങൾ നൽകുന്നവർക്ക് നിയമപ്രകാരം ആറു മാസം വരെ തടവ്/ പിഴ തുടങ്ങിയ ശിക്ഷാനടപടികൾ സ്വീകരിക്കുന്നത് റേഷൻ കടകൾ വഴി വിതരണം ചെയ്ത പ്രീ പോപ്പുലേററഡ് ഫോറത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതു വരെ പ്രഥമ ദൃഷ്ട്യാ അനർഹരായവർ ആനുകൂല്യം കൈപ്പറ്റുന്നതിൽ നിന്നും സ്വയം വിട്ടു നിൽക്കേണ്ടതാണെന്ന് അറിയിക്കുന്ന പോസ്റ്ററുകൾ പ്രധാന കേന്ദ്രങ്ങളിലും റേഷൻ ഡിപ്പോകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ അനർഹരായവർ വാങ്ങിയെടുത്ത ധാന്യത്തിന്റെ വിലയും/പിഴയും ഈടാക്കാനുള്ള നിയമപരമായ നടപടിയും എടുക്കുന്നതാണെന്ന് അറിയിപ്പ് നൽകിയിട്ടുണ്ട്. |
| (സി) അനർഹരെ ഒഴിവാക്കുന്നതിന്റെ ഭാഗമായി വർഷത്തിലൊരിക്കൽ മുൻഗണനാ ലിസ്റ്റിൽ പ്പെട്ടവരിൽ നിന്നും സർക്കാർ ജോലിയോ നാലുചക്ര വാഹനമോ ആയിരം ചതുരശ്ര അടിയിൽ കൂടുതലുള്ള വീടോ ഇല്ല തുടങ്ങിയ മാനദണ്ഡങ്ങൾ അടക്കം ചെയ്തിട്ടുള്ള സത്യപ്രസ്താവന എഴുതി വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ